**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 231** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ-സ്റ്റോറുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കെ-സ്റ്റോറുകൾ ആരംഭിച്ചു; വിശദമാക്കാമോ;

**<u>മറുപടി:</u>** 2023 മെയ് മാസം 14-ാം തീയതി തൃശ്ശൂർ ജില്ലയിലാണ് ആദ്യമായി കെ-സ്റ്റോർ പ്രവർത്തനം ആരംഭിച്ചത്. 20.05.2021 മുതൽ 18.05.2026 വരെയുള്ള മുൻ സർക്കാരിന്റെ കാലയളവിൽ 2537 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** എന്തെല്ലാം സേവനങ്ങൾ ആണ് ഉപഭോക്താക്കൾക്ക് കെ-സ്റ്റോറിൽ നിന്ന് ലഭിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>**

റേഷൻ കടകൾ വഴി പതിവായി നൽകി വരുന്ന പൊതുവിതരണ സംവിധാന (PDS) സേവനങ്ങൾക്കു പുറമേ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) ഉൽപാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഓരോ പ്രദേശത്തെയും സാധനങ്ങളുടെ ആവശ്യകത അനുസരിച്ച് ആവശ്യമായ സാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ CSC (Common Services Centre) രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ Aadhar Enabled Payment System (AEPS) മുഖേന പിൻവലിക്കുന്നതിനും, നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

ഗ്രാമീണ മേഖലയിലെ സാധാരണ ജനവിഭാഗങ്ങൾക്ക് കെ-സ്റ്റോറുകൾ വഴിയുള്ള സേവനം കൂടുതലായും പ്രയോജനപ്പെടുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ കെ-സ്റ്റോർ വിഭാവനം ചെയ്തു നടപ്പിൽ വരുത്തിയത്.

**(സി)** കൂടുതൽ കെ-സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ 2542 റേഷൻ കടകളെ കെ സ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉള്ള റേഷൻകടകൾ താല്പര്യപ്പെടുന്ന പക്ഷം കെ സ്റ്റോറുകളാക്കി പരിവർത്തനപ്പെടുത്തുന്നതിന് തടസ്സമില്ലാത്തതാണ്.

**സെക്ഷൻ ഓഫീസർ**